# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 | Reg NO.TNBIL/2016/70171 | ISSUE - 8

AUGUST - 2023 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333

ജാമക്കാരൻ JAMAKKARAN

കർത്താവിൽ പ്രിയരെ,



ദൈവത്തിന്റെ കൃപയും സംരക്ഷണവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

ഇന്ത്യ ദേശത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ടും എല്ലാ സംസ്ഥാന ങ്ങളിലും പല പ്രശ്നങ്ങൾ വല്ലാതെ അലട്ടിക്കൊണ്ടിരിക്കുന്നു. പുതിയ പുതിയ രോഗങ്ങളും പല അപകട മരണങ്ങളും പല സംസ്ഥാനങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്നു.

പ്രത്യേകമായി ഇന്ത്യ ദേശത്തിൽ വടക്കു കിഴക്കുള്ള കുഞ്ഞു സംസ്ഥാനങ്ങളിൽ ഒന്നായ മണിപ്പൂർ. കഴിഞ്ഞ 5 മാസങ്ങളായി തീ കത്തി എരിഞ്ഞുകൊണ്ടിരിക്കുന്നു. ആയിരക്കണിക്കിന് മരണങ്ങളും, പെൺകുട്ടികളെ ബലാൽസംഗം ചെയ്ത് വഴിയിൽ വിട്ടിട്ടുപോകുന്നതും ആദിവാസി ബാല്യസ്ത്രീകളെ നഗ്നരാക്കി റോഡിൽ നടത്തി കൊണ്ടു പോകുന്നതും യു ട്യൂബിലും വീഡി



യോയിലും കണ്ടിട്ടു ലോകം മുഴുവനും, ഇന്ത്യയിൽ ഉള്ളവരും ഞെട്ടിപ്പോയി. ഇന്ത്യയുടെ പ്രധാനമന്ത്രി അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നു നടിച്ച് പല രാജ്യങ്ങളിൽ ചുറ്റിക്കൊണ്ടിരുന്നു. ഇതുപോലുള്ള സംഭവങ്ങൾ ഞാൻ യു ട്യൂബിൽ കണ്ടിട്ടില്ല. കലഹം തുടങ്ങി രണ്ടു ദിവസത്തിന്റെ ഇടയിൽ സംഭവിച്ചത് അവിടുത്തെ മിഷണറിമാരും മറ്റുള്ളവരും എനിക്കയച്ചു തന്നതു പെൺകുട്ടികൾ പോലും കാണാൻ പാടില്ലാത്ത കാഴ്ചകളാണ്. ഇതെല്ലാം അവിടുത്തെ ആദിവാസി ക്രിസ്ത്യാനികൾക്കു സംഭവിച്ച കൊടും ക്രൂരതയാണ്. നിങ്ങൾ ഇവിടെ പടത്തിൽ കാണുന്ന രണ്ടു ഫോട്ടോകളാണ് അതിന് ഉദാഹരണമായി ഞാൻ ഇടുന്നത്.



ചിലർ അതു പരസ്യപ്പെടുത്തരുതു എന്നു എന്നോടു പറഞ്ഞു. അവിടുത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ നടക്കുന്ന ഈ ക്രൂരതയെ എഴുതിയാൽ മാത്രം പോരാ. ആ ഫോട്ടോ കണ്ടാലെ അവിടെ നടക്കുന്ന ക്രൂരത മനസ്സിലാക്കാൻ സാധിക്കൂ. അതുകൊണ്ടാണ് ഞാൻ പരസ്യപ്പെടുത്തുന്നത്.

## മാപ്പ് തരണം മണിപ്പൂർ സഹോദരികളെ

മുൻ എം.എൽ.എ. ഒരാൾ മുകളിൽ എഴുതിയ തലക്കെട്ടിൽ ഒരു തമിഴ് പത്രത്തിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതു വായനക്കാർ വായിച്ച് അവരോടുകൂടെ നാമും മണിപ്പൂർ സഹോദരങ്ങളോടു മാപ്പു ചോദിക്കണം.

സഹോദരികളെ നിങ്ങളുടെ ഉടുപ്പു കളയപ്പെട്ട കാഴ്ചകളിൽ ഫാസിസത്തിന്റെ മുഖങ്ങൾ കാണുന്നു. ആരും തൊടാതെ പകുതി താഴ്ത്തി

കൊടി പറക്കുന്നു. അപമാനമായി അതിലുള്ള അശോകചക്രം കാണുന്നു. ദേശം മുഴുവനും പോരാട്ടങ്ങൾ. എല്ലാ വീടുകളും ക്രിസ്തീയ പള്ളികളും തീ കൊളുത്തപ്പെട്ടു. സ്ത്രീകളെല്ലാം രക്ഷപ്പെടാൻ വനത്തിന്റെ ഉള്ളിൽ രാത്രി കിടക്കുന്നു.

ഗുജറാത്തിൽ ബിൽകിസ് ബാനു, കാശ്മീരിൽ അസിഫ, ഉത്തരാഖണ്ഡിൽ പീഢനത്തിനിരയായ സ്ത്രീകൾ.

ആ വരിയിൽ നിങ്ങളെ ഇപ്പോൾ ഞാൻ കാണുന്നു. പുരാതന കഥയിൽ ഏകലവ്യന്റെ പെരുവിരലിനെ വെട്ടിയ ആളുകൾ, നളന്ദയെ തീയിട്ടു നശിപ്പിച്ചവർ ഇപ്പോൾ ഇവർ മണിപ്പൂർ ഇംഫാലിൽ ചുറ്റി വരുന്നു. അതുകൊണ്ടു നിങ്ങളുടെ നിലവിളി കേട്ടു ചെയ്യുന്നതു അറിയാതെ പതറി തുടിക്കുന്നു ഞങ്ങൾ. നിങ്ങളുടെ കണ്ണുനീരിൽ നനഞ്ഞു മുളക്കുന്ന തീപ്പെട്ടിക്കൊള്ളികൾ കിഴക്കു ദിശയിൽ ഉള്ള ചൂടിൽ അതു കത്തട്ടെ. ആ തീ വടക്കിൽ ഇരിക്കുന്ന ഫാസിസത്തിൻ കൊട്ടാരങ്ങളെ എരിക്കട്ടെ.

മണിപ്പൂർ സഹോദരികളെ ഞങ്ങൾക്കു മാപ്പു തരണം. ഹൃദയമില്ലാത്തവരോടു ഞങ്ങളും ചേർന്നു ജീവിക്കുന്നു എന്നതിനു ഞങ്ങൾക്കു മാപ്പു തരണം.

ഈ പ്രശ്നങ്ങളെ നിയന്ത്രിക്കുന്ന അധികാരം ലഭിച്ച ഇന്ത്യയുടെ പ്രധാനമന്ത്രി തന്നെ ഒരു ആശ്വാസ വാക്കുപോലും പറയാതെ നില്ക്കുമ്പോൾ അധികാരം ഇല്ലാത്ത ഞങ്ങൾ എന്തുചെയ്യും? കാത്തിരിക്കണം കരയോരത്തു ആരംഭിക്കുന്ന കൊടുങ്കാറ്റിനായി. ഇങ്ങനെ പറയാനല്ലാതെ ഞങ്ങൾക്കു വേറെ ഒന്നും ചെയ്യാൻ കഴിയുന്നില്ല.


ഭാരതമാത അപമാനത്താൽ തലകുനിച്ചു നഗ്നയായി നില്ക്കുന്നു. തല്ക്കാലം ദേശത്തു ദേശീയ പതാക തന്നെ നിന്റെ നഗ്നതയെ മറെക്കാൻ സാധിക്കുന്നു.

- **ഇന്ത്യൻ പ്രധാനമന്ത്രിയുടെ മൗനതയുടെ അർത്ഥം എന്ത്?**

പ്രധാനമന്ത്രിയുടെ മൗനത്തിന്റെ ഉദ്ദേശ്യങ്ങൾ കുറച്ചു കുറച്ചായി ഇപ്പോൾ പുറത്തു വന്നുകൊണ്ടിരിക്കുന്നു.

- മണിപ്പൂർ സംസ്ഥാനത്തിൽ 3 വിധ ആദിവാസികൾ ഉണ്ട്

(1) കുക്കി (2) മെയ്തെയ് (3) നാഗാ. ഈ മൂന്നു ആദിവാസികളും തമ്മിൽ തമ്മിൽ യോജിക്കുന്നില്ല. ഇവരുടെ പ്രശ്നങ്ങൾ ഏകദേശം 1000 വർഷങ്ങളായി പുകഞ്ഞുകൊണ്ടിരിക്കുന്നു. കുക്കി ആദിവാസികൾ ഭൂരിപക്ഷം ക്രിസ്ത്യാനികൾ ആണ്. ഇവർ മലയിൽ ജീവിക്കുന്നു. മെയ്തെയ്, നാഗാ ആദിവാസികൾ താഴ്വരയിൽ ജീവിക്കുന്നു. കുക്കി ആദിവാസികൾ താമസിക്കുന്ന മല മുഴുവനും ധാരാളമായ ധാതുക്കൾ നിറഞ്ഞ സ്ഥലം. വനത്തിൽ ഏകദേശം 80% വില കൂടിയ ധാതുക്കൾ ആ ഭൂമിയിൽ ഉണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ ഗവേഷണത്തിൽ ആ വനത്തിലെ ഭൂമിയിൽ ഒരു വശത്ത് മാഗ്നൈറ്റ്, അസുറൈറ്റ്, നിക്കൽ, മലാക്കിറ്റ്, പ്ലാറ്റിനം, താമ്രം വിലകൂടിയ ലോഹങ്ങൾ നിറഞ്ഞു കാണപ്പെടുന്നു. ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനോടു വളരെ അടുത്ത ബന്ധം പുലർത്തുന്ന **അദാനി** കുടുംബം ഇതു പൊട്ടിച്ച് കനാൽ ഉണ്ടാക്കി മലയെ സ്വന്തമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ അവിടെയുള്ള കുക്കികൾ ആ മലയെ നശിപ്പിക്കാനോ അവിടെ കനാൽ ഉണ്ടാക്കാനോ ഇഷ്ടപ്പെട്ടില്ല. കുക്കികൾ അവരുടെ സ്ഥലത്തെ വില്ക്കാനോ വലിയ ആളുകൾ അവിടെ താമസിക്കാനോ ഇഷ്ടപ്പെടുന്നില്ല.



അതുകൊണ്ട് കുക്കി ആദിവാസികളെ നശിപ്പിച്ചാൽ മാത്രമേ ആ സ്ഥലത്തെ സ്വന്തമാക്കാൻ സാധിക്കൂ. ആ വനത്തിൽ ഉള്ള ധാതുക്കൾ കുഴിച്ചെടുത്ത് വിറ്റ് കോടിക്കോടി പണം ഉണ്ടാക്കാൻ ബി.ജെ.പി. പദ്ധതി ഉണ്ടാക്കുന്നതായി കേൾവിപ്പെടുന്നു. അതിന് താഴ്വരയിൽ ഉള്ള മെയ്തെയ് ആദിവാസികളെ ഇളക്കി വിട്ട് അവരുടെ കൈയ്യിൽ എ.കെ.

47 പോലുള്ള ആയുധങ്ങളെ കൊടുത്ത് കുക്കികളെ മുഴുവനും നശിപ്പിക്കാൻ ശ്രമിക്കുന്നു. ഇതിനു സൗകര്യമായി മെയ്തെയ് ആദിവാസികളുടെ ഇടയിൽ നിന്ന് ഒരാളെ ബി.ജെ.പി. സർക്കാർ ഗവർണറാക്കി ആ സ്ഥലത്തെ നിയന്ത്രിക്കാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. മെയ്തെയ് ആദിവാസി ഭൂരിപക്ഷമായതുകൊണ്ടു ഇലക്ഷനിൽ മെയ്തെയ് ആദിവാസി ആൾ മുഖ്യമന്ത്രിയായിരിക്കുന്നു. ഗവർണറും മുഖ്യമന്ത്രിയും ഒരേ ആദിവാസി വർഗ്ഗമായതുകൊണ്ട് പോലീസ് അവരുടെ കയ്യിൽ ആയതുകൊണ്ട് ഭയങ്കര അഴിമതികൾ നടക്കുന്നു. ഇതു നമ്മുടെ പത്രക്കാർ ഇരട്ട ഏൻജിൻ ഗവൺമെന്റ് എന്നുവിളിക്കുന്നു. ഗവർണറും മുഖ്യമന്ത്രിയും ചേർന്ന് അവിടെ നടത്തുന്ന എല്ലാ കുഴപ്പങ്ങൾക്കും അവർ തന്നെയാണ് കാരണക്കാർ. ഇതുവരെ 427 ക്രിസ്തീയ പള്ളികൾ തീവെച്ചു. ആയിരക്കണക്കിൽ ക്രിസ്ത്യാനികളുടെ വീടുകൾ തീവെച്ചു. അവർ സ്വന്തം സ്ഥലത്തെ വിട്ട് വനത്തിൽ അഭയം പ്രാപിച്ചു. വീടില്ലാത്തവർക്ക് താല്ക്കാലിക ക്യാമ്പുകൾ ഉണ്ടാക്കിയിരിക്കുന്നു. ആയിരക്കണക്കിന് സ്ത്രീകളും കുട്ടികളും ഉടുക്കാനോ പുതക്കാനോ തുണി ഇല്ലാതെ വിഷമിച്ചു കൊണ്ടിരിക്കുന്നു. സാമൂഹ്യപ്രവർത്തകർക്ക് അനുവാദം കൊടുത്തതുകൊണ്ട് ക്യാമ്പിലുള്ളവർക്ക് ആഹാരം കൊടുത്തു. അതിനു മുൻപ് നാലുദിവസം അവർ പട്ടിണി കിടന്നു.

മണിപ്പൂരിൽ കുക്കി ആദിവാസികൾ മാത്രമല്ല ബാധിക്കപ്പെട്ടത്. മെയ്തെയ് വർഗ്ഗ ആദിവാസികളും അവരുടെ ക്രിസ്ത്യൻ പള്ളികളും തീ വെക്കപ്പെട്ടു. ഇതിനെല്ലാം പ്രധാനകാരണം അവിടുത്തെ ഹിന്ദുത്വ സംഘടനയും ആർ.എസ്.എസ്. സംഘടനയും മാത്രമാണ്. ഇവരാണ് മെയ്തെയ് ആദിവാസി ബാല്യക്കാർക്ക് മയക്കുമരുന്നും പണവും ആയുധങ്ങളും കൊടുത്ത് ക്രിസ്ത്യാനികളെ മാത്രം ആക്രമിക്കാൻ പറഞ്ഞു വിടുന്നത്. മണിപ്പൂരിൽ നടക്കുന്ന ഈ അഴിമതികളും ക്രൂരമായ കൊലപാതകവും ഒരു സ്ത്രീയെ നാലുപേർ അഞ്ചുപേർ ബലാത്സംഗം ചെയ്യുന്നതും സാറ്റലൈറ്റ് വഴി അറിഞ്ഞ അമേരിക്ക, യൂറോപ്പ് രാജ്യങ്ങൾ

എല്ലാം പാർലമെന്റിൽ ഇന്ത്യ നടത്തുന്ന ഈ മനുഷ്യത്വഹീനമായ പ്രവർത്തിക്കെതിരായി പ്രമേയം പാസ്സാക്കി. ഇന്ത്യൻ പ്രധാനമന്ത്രിക്ക് **വാണിങ്ങ്** കൊടുത്തിരിക്കുന്നു. ആറു മാസമായി കത്തിക്കൊണ്ടിരിക്കുന്ന മണിപ്പൂർ മുഴുവനും നിയന്ത്രിക്കാൻ പ്രശ്നം തുടങ്ങിയ 2-ാം ദിവസം പട്ടാളത്തെ ഇറക്കിയെങ്കിൽ തീരുമായിരുന്നു. പ്രശ്നം ഇത്ര വഷളാകാതിരിക്കുമായിരുന്നു.

എന്തുകൊണ്ട് പട്ടാളത്തെ ഇറക്കിയില്ല? എന്ന് എല്ലാവരും ചോദിക്കുന്നു. വിദേശത്തിൽ നിന്ന് വാണിങ്ങ് കിട്ടിയതിനു ശേഷമാണ് നടപടി എടുക്കാൻ തുടങ്ങിയത്.

നമ്മുടെ പ്രധാനമന്ത്രിക്കു നേരത്തെ ഇതുമാതിരിയുള്ള അനുഭവങ്ങൾ ഉണ്ട്. പ്രധാനമന്ത്രിക്കു മൗനം എന്നുള്ളത് ഒരു പ്രത്യേക **ടെക്നിക്**. പ്രധാനമന്ത്രി ഗുജറാത്തിൽ മുഖ്യനായിരിക്കുമ്പോൾ മൗനമായിരുന്നതുകൊണ്ടാണ് ഗോത്ര കലാപം ഉണ്ടായത്. മൂന്നുദിവസം മുഖ്യമന്ത്രി മൗനമായിരിക്കും ആ മൂന്നുദിവസത്തിൽ ഹിന്ദു തീവ്രവാദികൾക്കു കൊടുത്ത അവസരമാണ്. മൂന്നുദിവസത്തിൽ എത്ര ഇസ്ലാമ്യരെ കൊന്നു മുടിക്കാൻ സാധിക്കുമോ ചെയ്യാം പോലീസ് ഇടപെടില്ല എന്നു എഴുതപ്പെടാത്ത അറിയിപ്പു തീവ്രവാദികൾക്കു കിട്ടി. ആ മൂന്നു ദിവസത്തിൽ കൊല്ലപ്പെട്ട മുസ്ലീം കുഞ്ഞുങ്ങളും മുതിർന്നവരും പല ആയിരങ്ങൾ എന്നു പറയപ്പെടുന്നു.

അതേ മൗനത്തെ പ്രധാനമന്ത്രി മണിപ്പൂരിലും കാണിച്ചു. കഴിഞ്ഞ 6 മാസം എത്ര ആയിരം ക്രിസ്തീയ കുടുംബങ്ങൾ നശിപ്പിക്കപ്പെട്ടു. വനത്തിൽ എവിടെ നോക്കിയാലും ശവത്തിന്റെ നാറ്റം.

**അദാനി** കുടുംബത്തെ സഹായിക്കാൻ ഇത്രയും ക്രൂരത കാണിക്കണമോ എന്നു അവിടുത്തെ ജനങ്ങൾ കരഞ്ഞുകൊണ്ടു പറയുന്നതായി കേൾക്കുന്നു.

ശ്രീ. മോദി അവർകൾ യോഗയെ ലോകം മുഴുവനും പരിചയപ്പെടുത്തുന്നതിൽ മിടുക്കനാണ്. അതുപോലെ ഇന്ത്യയിൽ ജീവിക്കുന്ന മുസ്ലീം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെ നശിപ്പിക്കുന്നതിലും മിടുക്കനാണ് എന്ന്

ലോകനേതാക്കൾ പറഞ്ഞു എന്നു അറിയുമ്പോൾ ഇന്ത്യക്കാരായ നമുക്കു വലിയ അപമാനം ഉണ്ട്.

ലോകം മുഴുവനും മോദിക്കു കിട്ടിയ നല്ല പേരു മാറി മോദി ഒരു ഭയങ്കര ഹൈന്ദവമത വെറി ഉള്ള ആൾ എന്നു പറയാൻ തുടങ്ങി. എപ്പോഴും പറയുന്നതുപോലെ ഇപ്പോൾ നാം ചെയ്യേണ്ട കാര്യം മണിപ്പൂർ ജനങ്ങൾക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിക്കാം. ഹിന്ദുത്വ വെറികൊണ്ട മോദിക്കായും അമിത്ഷാ അവർകൾക്കായും പ്രാർത്ഥിക്കാം. വളരെ വേഗത്തിൽ സമാധാനത്തിന്റെ ദൈവം മണിപ്പൂർ ജനങ്ങൾക്ക് സമാധാനം നല്കുമാറാകട്ടെ. നഷ്ടപ്പെട്ടതെല്ലാം തിരിച്ചു നല്കട്ടെ. തീവെച്ചു നശിപ്പിക്കപ്പെട്ട 470 പള്ളികളെ ഇന്ത്യയിലുള്ള പല സ്ഥലങ്ങളിലെ ക്രിസ്ത്യാനികൾ നിർമ്മിച്ചു നല്കുവാൻ മുന്നോട്ടു വന്നിരിക്കുന്നു എന്നു കേട്ടു ദൈവത്തെ സ്തുതിക്കുന്നു. അവർക്കു നാം കൊടുക്കുന്ന സഹായം ശരിക്കു അവരുടെ കയ്യിൽ എത്താൻ തക്കവണ്ണം നല്ല ആളുകളുടെ കയ്യിലും നല്ല സ്ഥാപനങ്ങളിലും കൊടുക്കണം. നേരത്തെ 20 ഡോക്ടർമാർ അവിടെ താമസിച്ചു അവരെ സഹായിക്കുന്നു. അവിടെയുള്ള ഡോക്ടർമാർ ഞങ്ങളെ അറിയിക്കുന്ന വിഷയം ഇപ്പോൾ ഇവിടെ മാനസിക രോഗ ഡോക്ടർമാർ ആവശ്യം എന്നാണ്. റെഡ്ക്രോസ് സൊസൈറ്റി വഴി ചോദിച്ചാൽ വിവരങ്ങൾ അറിയാം. ദൈവം മണിപ്പൂർ മക്കളെ അനുഗ്രഹിക്കട്ടെ.

കഴിഞ്ഞമാസം അയച്ച പണവും പ്രാർത്ഥനക്കുറിപ്പുകളും കിട്ടി. തുടർന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

| | |
|---|---|
| IFSC CODE - IFSC SBIN0001970 -10764116842 | **A/C No: 10764116842** |
| SWIFT CODE - SBININBB300 | **A/C No: 10764116842** |

**CANARA BANK - SALEM** (SURAMANGALAM BRANCH)

| | |
|---|---|
| IFSC CODE - IFSC CNRB0001219- 1219101013622. | **A/C No: 1219101013622.** |
| SWIFT CODE - CNRB0001219 -1219101013622. | **A/C No: 1219101013622.** |

# മതം വേറ് ജാതി വേറ്

## സ്വാതന്ത്ര്യ ഇന്ത്യയിലെ ഇന്നത്തെ സ്ഥിതി

വടക്കേ ഇന്ത്യയിൽ നിന്നു തെക്കു കന്യാകുമാരി വരെ ജാതി പ്രശ്നങ്ങൾ ഭയങ്കരമായി വർദ്ധിച്ചു വരുന്നു. ഇതിനുവേണ്ടി ഒരു പത്രക്കാർ തന്റെ ആളുകളെ പല സ്ഥലത്ത് അയച്ചു വിവരങ്ങൾ ശേഖരിച്ചു. അതു തമിഴ്നാട്ടിൽ ഉള്ള ആഴ്ച പതിപ്പിൽ വന്നിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ എല്ലാരും അറിഞ്ഞതുപോലെ ജാതി വെറി ക്രൂരത വളരെക്കൂടുതലാണ് എന്നു പറഞ്ഞിരിക്കുന്നു. നേരത്തേ നാം എല്ലാവരും പത്രം വഴി വായിച്ചിട്ടുള്ള തെക്കെ ഇന്ത്യയിൽ ഗ്രാമങ്ങളിലും ൗണിലും ജാതി പ്രശ്നങ്ങൾ നമുക്കു കാണാൻ സാധിക്കും.

- തമിഴ്നാട്ടിൽ കോയമ്പത്തൂർ ഡിസ്ട്രിക്ടിൽ ഹൈന്ദവ ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാർക്ക് ക്ഷേത്രത്തിന്റെ അകത്ത് ചെന്ന് തൊഴാൻ അനുവാദമില്ല. റോഡിൽ നിന്ന് കൈകൂപ്പി തൊഴുതിട്ടു പോകാം. തമിഴ്നാട്ടിൽ ഏതു പാർട്ടി ഭരണത്തിൽ വന്നാലും ഇതു മാറ്റാൻ ശ്രമിക്കുന്നില്ല. വീടുകളിൽ കല്യാണ കാര്യത്തിനു പട്ടികജാതി ആളുകൾ ഉള്ളിൽ വരാൻ പാടില്ല.

  ഭവാനി സാഗർ എന്നുള്ള സ്ഥലത്ത് എ.ഡി.എം.കെ. എം.എൽ.എ. **ഭണ്ഡാരി** എന്നു പേരുള്ള ആൾ പറയുന്നു. ഞാൻ പട്ടികജാതി ആയതുകൊണ്ട് ഗവൺമെന്റ് അധികാരികൾ പോലും അവഗണിക്കുന്നു.

**പുതുക്കോട്ട** എന്ന സ്ഥലത്ത് **പൊതുകുളത്തിൽ** പട്ടികജാതി കുളിക്കാൻ പാടില്ല വെള്ളം എടുക്കാൻ പാടില്ല. ഇതിനെ ഇപ്പോൾ ഭരിക്കുന്ന ഡി.എം.കെ. സർക്കാർ കണ്ടിട്ടു കാണാതെയും കേട്ടിട്ടും കേൾക്കാതെയും ഇരിക്കുന്നു. ഇവരെല്ലാം ജാതിവ്യത്യാസം ഇല്ലെന്നു പറഞ്ഞാലും ഭരിക്കുന്ന ഡി.എം.കെ. പാർട്ടിയുടെ സ്ഥാപകനായ അണ്ണാദുരൈ അവർകളുടെ പിൻഗാമികളാണ്. വാസ്തവത്തിൽ ഇതു വായിക്കുമ്പോൾ നാണക്കേടാകുന്നു.

തിരുച്ചി ഡിസ്ട്രിക്ടിൽ **പനങ്കൊമ്പു** എലിമെന്ററി സ്കൂൾ ഹെഡ്മാസ്റ്റർ **ആരോഗ്യസ്വാമി** അവർകൾ പറഞ്ഞത് ഒരേ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക ഉയർന്ന ജാതി പിള്ളർക്കു വേറെ മുറി പട്ടികജാതി പിള്ളർക്കു വേറെ മുറി. ഇൻസ്പെഷനും വരുമ്പോൾ മാത്രം ഇവരെ മുന്നിലും പിറകിലും ഇരുത്തി ഇവരെ ഒന്നായി കാണിക്കുന്നു. **മണപ്പാറ** എന്ന സ്ഥലത്തിൽ (തമിഴ്നാട്) സ്കൂളിൽ ഉച്ചഭക്ഷണം ഉണ്ടാക്കാൻ പുഷ്പം എന്ന ഒരു സ്ത്രീയെ കുക്കായി ഗവൺമെന്റ് നിയമിച്ചിരുന്നു. പിന്നീട് അവർ പട്ടികജാതി എന്നറിഞ്ഞതു മുതൽ മറ്റു ജാതികളിൽ ഉള്ള കുട്ടികൾ ഭക്ഷണം കഴിക്കുന്നില്ല. അവരെ മാതാപിതാക്കൾ സ്കൂളിൽ അയക്കുന്നുമില്ല. ആ സ്ഥലത്തെ മാന്യന്മാർ എല്ലാപേരും ഒരു സ്ഥലത്തുകൂടി ഗവൺമെന്റ് നിയമിച്ചതുകൊണ്ട് അവളെ പറഞ്ഞു വിടാൻ സാധിക്കുന്നില്ല. അതുകൊണ്ട് വേറൊരു സ്ത്രീയെ ഉച്ചഭക്ഷണം ഉണ്ടാക്കാൻ ഇവരായി ശമ്പളം കൊടുത്തു ഏർപ്പാടു ചെയ്തു. പട്ടികജാതിയിൽപെട്ട പുഷ്പം എന്ന സ്ത്രീ ജോലി ചെയ്യാതെ തന്നെ മാസാമാസം ഗവൺമെന്റിന്റെ ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്നു. പട്ടികജാതി സ്ത്രീയായ പുഷ്പയെപ്പറ്റി നാം അറിയുമ്പോൾ ഇവളെ ജോലി ചെയ്യാൻ അനുവദിക്കാത്ത ആ നാട്ടുകാർ ടൗണിലേക്കു വന്ന് വലിയ വലിയ ഹോട്ടലുകളിൽ ആഹാരം കഴിക്കുമ്പോൾ അടുക്കളയിൽ ജോലി ചെയ്യുന്നതാര് ഏതു ജാതി എന്നു ചോദിക്കാതെ തന്നെ ആഹാരം കഴിക്കുന്നു. ചെന്നൈയിൽ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ കാട ഇറച്ചിക്കു

പകരം കാക്ക ഇറച്ചി പല വർഷങ്ങളായി വില്ക്കുന്നത് ആരും അറിഞ്ഞില്ല. ഇറച്ചി നല്ല രുചി എന്നു പറഞ്ഞിട്ടു പോകുന്നു. കാക്കകളെ ഗ്രാമത്തിൽ നിന്ന്, ചോറിൽ മയക്കുമരുന്നു കൊടുത്തു പിടിച്ച് ചാക്കിൽ ഇട്ട് കൊണ്ടു വരുന്ന പയ്യനെ, ചാക്കിൽ ഒരു ദ്വാരം ഉണ്ടായിരുന്നതുകൊണ്ട് പോലീസ് പിടിച്ചു. വിവരം ചോദിച്ചപ്പോൾ അവൻ വില്ക്കുന്ന രണ്ടു ഹോട്ടലുകളെ അവൻ കാണിച്ചു. ആ വലിയ സ്റ്റാർ ഹോട്ടലിനെ പോലീസ് സീൽ വച്ചു. ഇങ്ങനെ പല വിഷയങ്ങൾ പല സ്ഥലങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്നു.

1964 –ാം വർഷം ഞാൻ ഒരു ചെറിയ ഗ്രാമത്തിൽ ഒരു ക്ലീനിക് തുടങ്ങി. ആ ഗ്രാമത്തിന്റെ അടുത്തുള്ള ചെറിയ ചെറിയ റ്റീ ഷാപ്പുകളിൽ ഒരു അലുമിനിയ ടംബ്ലറും അലുമിനിയ പ്ലേറ്റും കയറു കെട്ടി തൂക്കിയിട്ടിരിക്കും. താഴ്ന്ന ജാതിയിലുള്ളവർ ചായ ചോദിച്ചാൽ ആ അലുമിനിയ ടംബ്ലറിൽ ചായ ഒഴിച്ചു കൊടുക്കും. അലുമിനിയ പ്ലേറ്റിൽ ദോശ, ഇഢലി വാങ്ങി കഴിച്ചിട്ട് പാത്രങ്ങൾ കഴുകി അവിടെ വച്ചിട്ട് പൈസ കൊടുത്തിട്ടുപോകും. മറ്റു ജാതിക്കാർ ഉള്ളിലുള്ള ബഞ്ചിൽ ഇരുന്ന് കണ്ണാടി ഗ്ലാസിൽ ചായ കുടിച്ചിട്ടു പോകും. ഇങ്ങനെയുള്ള മോശമായ സംഭവങ്ങൾ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരെ മനുഷ്യരായി കാണുന്ന ചിന്ത ഈ ആളുകൾക്കില്ല. ഇവർ അപകടത്തിലായാൽ, ഇവരുടെ കുഞ്ഞുങ്ങളെ പ്രസവത്തിന് ആശുപത്രിയിൽ കൊണ്ടുപോയാൽ ജീവൻ രക്ഷിക്കാൻ രക്തം ആവശ്യം എന്നു ഡോക്ടർമാർ അറിയിക്കുമ്പോൾ ആ രക്തം എവിടെ നിന്നുകിട്ടും എന്ന് നഴ്സുമാരോടു ചോദിച്ചാൽ ആശുപത്രിയുടെ ചുറ്റിലും വെറുതേ ചില ആളുകൾ നില്ക്കുന്നു. നഴ്സുമാർ എഴുതിക്കൊടുക്കുന്ന ഈ ഗ്രൂപ്പു രക്തം കിട്ടാൻ ആരെങ്കിലും സഹായിക്കുമോ എന്നു ചോദിച്ചാൽ ആ രക്ത ഗ്രൂപ്പുള്ള ആളെ അവർ തന്നെ കാണിച്ചു കൊടുക്കുന്നു. ആ രക്തത്തിന് അവൻ വലിയ തുക ചോദിക്കുന്നു. എത്ര തുക ആവശ്യപ്പെട്ടാലും ഞാൻ തരാം. എന്റെ മകൻ ജീവിക്കണം. പ്രസവ വാർഡിലുള്ള എന്റെ ഭാര്യ ജീവിക്കണം എന്ന

വെപ്രാളത്തോടെ രക്തത്തിനുവേണ്ടി അലയുന്ന ആ വ്യക്തികൾ രക്തം കൊടുത്ത ആളെ നീ ഏതു ജാതി എന്നു ചോദിച്ചില്ല. രക്തം കിട്ടിയാൽ മതി. ഇതു തന്നെ നമ്മുടെ ദേശത്തിന്റെ ഇപ്പോഴത്തെ നില.

☐ കേരളത്തിൽ ഗുരുവായൂർ എന്ന സ്ഥലത്ത് പ്രശസ്തമായ ഒരു ക്ഷേത്രം ഉണ്ട്. ആ ക്ഷേത്രത്തിന്റെ അടുത്തുള്ള ഗ്രാമത്തിൽ താമസിക്കുന്ന താഴ്ന്ന ജാതിയിൽ ചേർന്ന വ്യക്തിയാണ് ഇന്ത്യ ദേശത്തിന്റെ പ്രസിഡന്റായിരുന്ന കെ.ആർ. നാരായണൻ. ചെറുപ്പം മുതലേ ഗുരുവായൂർ ക്ഷേത്രത്തിൽ പോകണം എന്ന ആഗ്രഹം ഉണ്ടായിരുന്നു. താഴ്ന്ന ജാതിയായതുകൊണ്ട് തനിക്കോ തന്റെ മാതാപിതാക്കൾക്കോ പ്രവേശനം ഇല്ല എന്നറിയാമായിരുന്നു. പ്രസിഡന്റായശേഷം തന്റെ ആഗ്രഹത്തെ നിറവേറ്റുവാൻ ഡൽഹിയിൽ തന്റെ ഓഫീസിൽ നിന്ന് ഗുരുവായൂരിലുള്ള ക്ഷേത്രം ഭാരവാഹികൾക്കു ക്ഷേത്രത്തിലെ മൂലവിഗ്രഹം കാണുവാൻ ആഗ്രഹിക്കുന്നു എന്നു കത്തയച്ചു. അതു കേരള മുഖ്യമന്ത്രി വഴിയായും പോലീസ് അധികാരികൾ വഴിയും കത്തുകൾ അയച്ചിരുന്നു. ക്ഷേത്ര നിയമപ്രകാരം മറ്റു ജാതിക്കാരെ ഞങ്ങൾ അനുവദിക്കാൻ പാടില്ല എന്നു മുഖ്യമന്ത്രിക്കും കമ്മീഷണർക്കും ആദ്യം കത്തെഴുതി. പക്ഷെ അന്നത്തെ മുഖ്യമന്ത്രിയും പോലീസ് അധികാരിയും കളക്ടറും പറഞ്ഞു പ്രസിഡന്റിന് എല്ലാമത ജനങ്ങൾ തൊഴുന്ന സ്ഥലങ്ങളിൽ പോകാൻ അധികാരം ഉണ്ട്. അതു തടഞ്ഞാൽ നാട്ടിൽ വല്യ ബഹളം ഉണ്ടാകും. നാട്ടുകാർ ബഹളമുണ്ടാക്കും. അദ്ദേഹത്തെ തെരഞ്ഞെടുത്ത പാർട്ടിക്കാർ ബഹളമുണ്ടാക്കും. പിന്നെ നിയമപ്രകാരം പ്രശ്നങ്ങൾ ഉണ്ടാകും. അതുകൊണ്ട് തീർച്ചയായും അനുവദിച്ചേ തീരൂ. എന്നാലും പ്രസിഡന്റിനോടു ഒന്നു പറഞ്ഞുനോക്കാം. ക്ഷേത്രത്തിന്റെ നിയമങ്ങളെ പറഞ്ഞു. ക്ഷേത്ര ഭാരവാഹികൾ പ്രസിഡന്റിന് കത്തെഴുതി. പക്ഷെ പ്രസിഡന്റ് വാശിയായി അതേ മാസം അതേ തീയതി ഞാൻ വരും എനിക്ക് സംരക്ഷണം കൊടുക്കുന്നതു നിങ്ങളുടെ ചുമതല എന്ന

പ്രസിഡന്റിന്റെ മറുപടി വന്നു. വേറെ വഴിയില്ലാതെ അനുവാദം കൊടുത്തു. അദ്ദേഹം അതേ തീയതിയിൽ ക്ഷേത്രത്തിൽ വന്നു. ക്ഷേത്ര ഭാരവാഹികൾ തലപ്പാവു നല്കി അദ്ദേഹത്തെ സ്വീകരിച്ചു. പക്ഷെ പ്രസിഡന്റ് അതു സ്വീകരിച്ചില്ല. അതു ക്ഷേത്രത്തിന്റെ മര്യാദയാണെങ്കിലും നിരസിച്ചു. നിങ്ങളുടെ സ്വീകരണം എനിക്കു വേണ്ടാ എന്നു പറഞ്ഞ് ഉള്ളിൽ കയറി. കൊച്ചു പയ്യനായിരുന്ന കാലം തൊട്ടു ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ ആഗ്രഹം അന്നു നിറവേറ്റി. പ്രസിഡന്റ് തൊഴുതിട്ടു മടങ്ങിപ്പോയി. അതിനുശേഷം നടന്നതാണു നല്ല രസം. ക്ഷേത്രത്തിൽ ഉള്ളവർ എല്ലാവരും ചേർന്ന് പശുവിൻ ചാണകം എടുത്തു അദ്ദേഹത്തിന്റെ കാൽ എവിടെയെല്ലാം വച്ചോ അതു മുതൽ മൂല വിഗ്രഹം വരെ കഴുകി എടുത്തു. ഇതു പത്രത്തിൽ വന്നശേഷം നിരീശ്വരവാദികളും പാർട്ടിക്കാരും ജനങ്ങളും ചേർന്ന് ക്ഷേത്രത്തിൽ ഉള്ളവർ പ്രസിഡന്റിനെ അപമാനിച്ചു. തീണ്ടൽ എന്നു പറഞ്ഞ് ചാണകം കൊണ്ടു കഴുകി. ഇതു പ്രസിഡന്റിനെ അപമാനിച്ചതിനു തുല്യം എന്നു പറഞ്ഞു ബഹളം ഉണ്ടാക്കി. തമിഴ്നാട്ടിൽ ഈ വിവരം അറിഞ്ഞു വലിയ ബഹളം ഉണ്ടായി.

എന്തുകൊണ്ടു ഞാൻ ഇതു ഇവിടെ പറഞ്ഞു? നമ്മുടെ ദൈവത്തിന ജാതി വ്യത്യാസം ഇല്ല. ദൈവം എല്ലാവരേയും തുല്യമായി സ്നേഹിക്കുന്നു. മത്തായി സുവിശേഷത്തിൽ യേശുക്രിസ്തു പറയുന്നു ഞാൻ ദുഷ്ടരുടെ മേലും നല്ലവരുടെ മേലും സൂര്യനെ ഉദിപ്പിക്കുന്നു. ഞാൻ നല്ലവരുടെ മേലും ദുഷ്ടന്മാരുടെ മേലും മഴ പെയ്യിക്കുന്നു. പ്രസിഡന്റിനെ **തീണ്ടൽ** എന്നു പറഞ്ഞ് ക്ഷേത്ര ഭാരവാഹികൾ അപമാനിച്ചു. പക്ഷേ അവരുടെ ശരീരത്തിനുവേണ്ടിയും ആരോഗ്യത്തിനു വേണ്ടിയും സൂര്യവെട്ടം തന്ന **ജീവനുള്ള ദൈവം** ആ പശുവിന്റെ ചാണകം ഉപയോഗിച്ചവരുടെ പശുക്കൾക്ക് പുല്ലും ചെടികളും ഉണ്ടാകാൻ മഴയെ വർഷിപ്പിച്ച **ജീവനുള്ള ദൈവം** ജാതി വ്യത്യാസം നോക്കാതെ ഇത്ര നന്മകൾ ചെയ്തിട്ടും ഇതുപോലെ പല ക്ഷേത്രത്തിന്റെ

ഭാരവാഹികൾ നമ്മുടെ ജീവനുള്ള ദൈവത്തിന്റെ സ്നേഹത്തെ മനസ്സിലാക്കാതെ പോകുന്നല്ലോ? കുഷ്ഠരോഗികളെ അന്നത്തെ ജനങ്ങളാൽ തീണ്ടൽ എന്നു പറഞ്ഞ് പാളയത്തിനു പുറത്ത് അയച്ചിരുന്നു. കുഷ്ഠരോഗികളെ തൊട്ടാൽ പള്ളിയിൽ കേറാൻ പാടില്ല എന്ന നിയമം അന്നത്തെക്കാലത്ത് ഉണ്ടായിരുന്നു. പക്ഷെ യേശുക്രിസ്തു ജനങ്ങളുടെ പാളയത്തിനു പുറത്തുപോയി കുഷ്ഠ രോഗികളേയും മറ്റു രോഗികളെയും തൊട്ടു സൗഖ്യമാക്കി. 12 വർഷം രക്തം പോക്കിനാൽ തീണ്ടലിരുന്നവളെയും തൊട്ട് മകളെ എന്നു വിളിച്ച് നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നുപറഞ്ഞ് സൗഖ്യപ്പെടുത്തി അയച്ചു. ആ ജീവിക്കുന്ന ഉയിരുള്ള ദൈവം എവിടെ സംസാരിക്കാത്ത കണ്ണുകാണാത്ത ഗുരുവായൂർ ക്ഷേത്രത്തിനുള്ളിലുള്ള മൂലവിഗ്രഹം എവിടെ? ഈ യഥാർത്ഥ വിഷയത്തെ എല്ലാവരും അറിയാൻ വേണ്ടിയാണ് യേശു നമ്മെ എല്ലാവരേയും തിരഞ്ഞെടുത്തത്. യേശുവിന്റെ രക്തം സകല പാപവും പോക്കി സൗഖ്യമാക്കുന്നു.

## ക്രിസ്ത്യാനികളുടെ യോഗ്യത എങ്ങനെ

മറ്റു മതക്കാരെക്കുറിച്ചാണ് മുകളിൽ നാം വായിച്ചത്. പക്ഷെ ഇപ്പോഴത്തെ ക്രിസ്തീയ സഭകളിൽ നടക്കുന്ന ജാതി പ്രശ്നങ്ങൾ ഉഗ്രമാണ്. തിരുവത്താഴത്തിൽ പങ്കുകൊള്ളുന്ന വിഷയത്തിൽ ജാതി നോക്കുന്ന സഭകൾ ധാരാളം ഉണ്ട്. ഒരേ രക്തത്തിൽ ഒരേ അപ്പത്തിൽ എന്നെ ഓർക്കുവിൻ എന്നു പറഞ്ഞ ദൈവപുത്രന്റെ ഒരേ രക്തത്തിൽ കഴുകപ്പെട്ട ക്രിസ്ത്യാനികൾ ജാതി വ്യത്യാസത്തിൽ വഴക്കുണ്ടായി സഭകൾ തകർന്നു കിടക്കുന്നു.

മദ്ധ്യകേരള ഡയോസിസിൽ ബിഷപ്പായി തിരഞ്ഞെടുക്ക പ്പെടുന്നവർ ഉയർന്ന ജാതിയാണ് പല വർഷം കൊണ്ട്. അതിനുശേഷം താഴ്ന്ന ജാതിയിലുള്ള ജോസഫ് തിരുമേനി പല വർഷങ്ങൾ ഭരിച്ചു. പല എതിർപ്പുകൾക്കിടയിലാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്.

- മാർത്തോമാ സഭയിൽ ബിഷപ്പാകണമെങ്കിൽ വലിയ തറവാട്ടിൽ ജനിച്ചവരായിരിക്കണം. സാധാരണ കുടുംബത്തിൽ ജനിച്ചവർ ബിഷപ്പായി തിരഞ്ഞെടുക്കപ്പെടാൻ പാടില്ല. റവ. ജോഷ്വ അച്ചൻ സെമിനാരിയിൽ പഠിക്കുമ്പോഴേ ബിഷപ്പാകാൻ ആഗ്രഹിച്ചു താടി വളർത്തി. താടി വളർത്തിയാലേ ബിഷപ്പാകാൻ ഒരുങ്ങുന്നു എന്ന് അർത്ഥം. ആ അച്ചൻ നല്ല രക്ഷിക്കപ്പെട്ട സുവിശേഷ ഭാരമുള്ള അച്ചൻ. പക്ഷെ അദ്ദേഹത്തെ ചില ബിഷപ്പുമാർ സംസാരിച്ചു. ബിഷപ്പു ലിസ്റ്റിൽ നിങ്ങളുടെ പേരില്ല സാധാരണ അച്ചനായി പ്രവർത്തിച്ചാൽ മതി. തച്ചന്റെ മകൻ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ ദൈവമാകുമ്പോൾ സാധാരണ കുടുംബത്തിൽ ജനിച്ച രക്ഷിക്കപ്പെട്ട ബാലക്കാരൻ ബിഷപ്പാകാൻ പാടില്ലേ? എന്തൊരു വ്യത്യാസം?


ഏകദേശം 40 വർഷം മുൻപ് നിരണം പള്ളിയിൽ പ്രസംഗിക്കാൻ പോയി. ഷുഗർ ഫാക്ടറി മാനേജരുടെ വീട്ടിലാണു ഞാൻ താമസിച്ചത്. രാവിലെ ഞാൻ നടക്കാൻ പോയപ്പോൾ ഒരു ചെറിയ പള്ളിയിൽ നല്ല പാട്ടുകൾ പാടുന്നതു കണ്ടു. നല്ല ആത്മീയമായ ഒരു കൂട്ടായ്മ. സഭക്കാർ പ്രാർത്ഥിച്ച പ്രാർത്ഥന ഞാൻ കേട്ടപ്പോൾ അവരുടെ ആത്മീക ആഴം ഞാൻ കണ്ടു. ഒരു ഉപദേശിയാണ് സഭ നടത്തിയിരുന്നത്. പള്ളിയുടെ മുകളിൽ മാർത്തോമാ സഭ എന്നെഴുതിയിരുന്നു. ഞാൻ താമസിച്ച വീട്ടുകാരോട് ഞാൻ ആരാധനക്ക് ആ സഭയിൽ പോയിട്ടു വരട്ടെ എന്നു ചോദിച്ചു. നമുക്കു പള്ളിയിൽ പോയിട്ടു വന്നു തീരുമാനിക്കാം എന്നു അവർ പറഞ്ഞു. ഇതു മാർത്തോമാ സഭയാണ്. നാം പോകുന്നത് മാർത്തോമാ പള്ളിയാണ്. ഇവിടെ താഴ്ന്ന ജാതിക്കാർ ആരാധിക്കുന്നു. മാർത്തോമാസഭക്കാർ സുവിശേഷം പറഞ്ഞതുകൊണ്ട് ഇവർ യേശുവിനെ സ്വീകരിച്ചു. ആളുകൾ കൂടുതലായപ്പോൾ അവർക്കൊരു ഷെഡ് കെട്ടി ആരാധിക്കാൻ നല്കി. ഞങ്ങളുടെ ബ്രാഞ്ച് സഭയാണ് ഇത്. അന്നത്തെക്കാലത്ത് എന്റെ ജാമക്കാരൻ മാസികയിൽ ഞാൻ ഇത് എഴുതി. സഭ വേറെ പള്ളി വേറെ. യേശുക്രിസ്തുവിന്റെ രക്തത്തെ

രണ്ടായി കാണുന്ന മാർത്തോമാസഭയിൽ രക്ഷിക്കപ്പെട്ടവർ ധാരാളം ഉണ്ട്. എന്റെ ദൈവവേലയെ പ്രാർത്ഥനയാലും പണത്താലും സഹായിക്കുന്ന ധാരാളം പേർ ഉണ്ട്. അവരിൽ പലരും സുവിശേഷവേല ചെയ്യുന്നു. ധാരാളം ആത്മാക്കൾ രക്ഷിക്കപ്പെടുന്നു. അവരെ തന്റെ സ്വന്തസഭയിൽ കൊണ്ടു വരാൻ സാധിക്കുന്നില്ല. താഴ്ന്ന ജാതിക്കാരെ മാർത്തോമാസഭയിൽ അംഗങ്ങളാക്കാൻ ചിലർ ഇഷ്ടപ്പെടുന്നില്ല. ഇങ്ങനെ സഭകൾക്കുള്ളിൽ തന്നെ പല വ്യത്യാസങ്ങൾ എന്റെ 52 വർഷ ദൈവവേലയിൽ ഞാൻ കണ്ടു. എത്രയോ കൺവെൻഷൻ എത്രയോ ഉപവാസയോഗങ്ങൾ ഓരോ സഭയിലും ഞാൻ തന്നെ സംഘടിപ്പിച്ചിരിക്കുന്നു. കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വച്ചും, മല്ലപ്പള്ളി വൈ.എം.സി.എ. ഹാളിൽ വച്ചും പല ഉപവാസയോഗങ്ങൾ നടത്തി. ജനങ്ങൾ മാനസാന്തരപ്പെടുന്നു. പക്ഷെ യഥാർത്ഥ മാനസാന്തരം ഉണ്ടായിട്ടുണ്ടോ എന്നു മുകളിൽ വായിച്ച സംഭവങ്ങൾ മുഖാന്തരം ഞാൻ സംശയിക്കുന്നു.

## കുറിപ്പ് :

ഇതു വായിക്കുന്ന നിങ്ങൾ ഏതു സഭയായാലും യേശു ക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ച് യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ട് ഒരു മാതാവിന്റെ വയറ്റിൽ ജനിച്ച മക്കളായി മാറുന്നു. യഹൂദൻ എന്നുമില്ല യവനൻ എന്നുമില്ല ആൺ എന്നുമില്ല പെൺ എന്നുമില്ല മലയാളി തമിഴൻ തെലുങ്കൻ എന്ന ഭാഷാ വ്യത്യാസവുമില്ല. വെളുത്തവൻ കറുത്തവൻ എന്നുള്ള വർഗ്ഗ വ്യത്യാസമില്ല. ഒരേ ദൈവം ഒരേ സഭ ഒരേ ഇടയൻ എല്ലാം സമം ന്യായവിധി കഴിഞ്ഞിട്ടു സ്വർഗ്ഗത്തിൽ എത്തിയാൽ അവിടെയും ഇതുമാതിരി തന്നെ ആണും പെണ്ണും തിരിച്ചറിയാൻ സാധിക്കില്ല. ഞാൻ ഏതു ജാതി നീ ഏതു ജാതി എന്നു അറിയാൻ സാധിക്കില്ല. അതേ സ്വർഗ്ഗീയ സന്തോഷം ഈ ലോകത്തിലും നമുക്കുണ്ടാകും. ശരിക്കു വചനാടിസ്ഥാനത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികളായിരുന്നാൽ വീട്ടിലും വെളിയിലും ജോലി ചെയ്യുന്ന സ്ഥലത്തും ആ സാക്ഷിയെ കാണിച്ചാൽ നിങ്ങളാണ് യേശുവിന്റെ യഥാർത്ഥ വിശ്വാസികൾ. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

# ഇന്ത്യയുടെ സ്വാതന്ത്ര്യദിനം



നമ്മുടെ ഭാരതദേശത്തിന് പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ, ജയിൽ ശിക്ഷ അനുഭവിച്ചവർ, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി തങ്ങളുടെ കുടുംബങ്ങൾ നഷ്ടപ്പെടുത്തിയവർ എല്ലാവർക്കു വേണ്ടിയും നമുക്ക് ദൈവത്തെ സ്തുതിക്കാം. സാഹിത്യരചനകളിലൂടെയും, കവിതകളിലൂടെയും, തെരുവുനാടകങ്ങളിലൂടെയും ഗ്രാമങ്ങൾ തോറും സ്വാതന്ത്ര്യത്തിനുവേണ്ടി ഉണർവ്വ് ഉണ്ടാക്കിയ എല്ലാവരേയും വാഴ്ത്തുന്നു. നമ്മുടെ രാജ്യത്തിനുവേണ്ടി നമുക്കെല്ലാവർക്കും തുടർന്നും പ്രാർത്ഥിക്കാം.

**AUGUST - 2023**

# Printed Book (Periodical)


**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**


**Return Requested:**


**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**



Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.